LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി വ്യവസായ യൂണിറ്റുകളുടെ നിയന്ത്രണം

136(2337) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി വ്യവസായ യൂണിറ്റുകളുടെ നിയന്ത്രണം തൊഴിൽ വകുപ്പിന് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കശുവണ്ടി തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

137(2338) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഷ്യു കോർപ്പറേഷൻ ഫാക്ടറികൾ തുറക്കാത്തതുമൂലം കശുവണ്ടി തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ അഭാവംമൂലം കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ 18-9-2015 മുതൽ അടഞ്ഞു കിടക്കുകയാണ്. ഫാക്ടറികൾ വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കഞ്ചിക്കോട്ടും കളമശ്ശേരിയിലും അടച്ചുപൂട്ടിയ വ്യവസായ സംരംഭങ്ങൾ

138(2339) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഞ്ചിക്കോട് വ്യവസായ മേഖലയിലും കളമശ്ശേരിയിലും എത്ര വ്യവസായ സംരംഭങ്ങൾ അടച്ചുപൂട്ടി; ഇപ്രകാരം സംഭവിക്കുവാനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.